പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 207 18.03.2013-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിലെ കളിസ്ഥലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.രാജു | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുമ്പോൾ മിനിമം കളിസ്ഥലങ്ങൾ വേണമെന്ന നിബന്ധനയുണ്ടോ ; എന്തൊക്കെയാണ് മാനദണ്ഡങ്ങൾ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുമ്പോൾ KER അദ്ധ്യായം 4 നിയമം 3(2) അനുസരിച്ച് കളിസ്ഥലം വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റ് നിബന്ധനകൾ ഇല്ല. |
| (ബി) | മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതായുള്ള വ്യാജ രേഖകൾ ഉണ്ടാക്കി പണം വകമാറ്റി ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ ; | (ബി) & (സി) | ഇല്ല. ജില്ലാതലത്തിൽ വിദ്യാഭ്യാസ സെപ്യൂട്ടി ഡയറക്ടറാഫീസിൽ അക്കൗണ്ട് ആഫീസറുടെ കീഴിൽ ആഡിറ്റ് വിഭാഗവും കൂടാതെ വാർഷികപരിശോധന സമയത്ത് ഹൈസ്കൂളിൽ ഡി.ഇ.ഒ മാരും യു.പി, എൽ.പി സ്കൂളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും പരിശോധന നടത്താറുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കുമോ ; | | |
| (ഡി) | കളിക്കാനും കളി പരിശീലിക്കാനും വേണ്ട സൗകര്യങ്ങൾ ഇല്ലാത്തതിന്റെ പേരിൽ അന്യാധീനപ്പെട്ടുപോകുന്ന കളിസ്ഥലങ്ങൾ വീണ്ടെടുത്ത് സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. കളിസ്ഥലങ്ങൾ വീണ്ടെടുത്ത് സംരക്ഷിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പധികാരികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം ബഹുമാനപ്പെട്ട കായികവകുപ്പുമന്ത്രി ചെയർമാനായ സ്റ്റേറ്റ് സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി മുമ്പാകെ തീരുമാനം കൈക്കൊള്ളാൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ